**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - 2024 ലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കുന്നത് - ഡ്രൈവർ തസ്തികയിലെ പൊതുസ്ഥലംമാറ്റ കരട് പട്ടികയിൻമേലുള്ള ആക്ഷേപങ്ങൾ ലഭ്യമായത് - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/2033/2024-E1 തിരുവനന്തപുരം,തീയതി: 01-07-2024

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 3/2017/ഉ.ഭ.പ.വ. തീയതി: 25.02.2017.

2. സ.ഉ. (കൈ) നം. 22/2022/ഉ.ഭ.പ.വ. തീയതി: 26.09.2022.

3. ഈ ഓഫീസിൽ നിന്നുള്ള 15.03.2024 ലെ 14/2024 (എ) നമ്പർ സർക്കുലർ (DDDKER/216/2024-A1)

4. ഈ കാര്യാലയത്തിൽ നിന്നുള്ള 07.06.2024 ലെ മേൽനമ്പർ താൽക്കാലിക ഉത്തരവ്.

5. ക്ഷീരവികസന വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12.06.2024 ലെ കത്തും ശ്രീ. അസിം എ., ഡ്രൈവർ - ഗ്രേഡ് 1-ന്റെ അപേക്ഷയും.

6. ക്ഷീരവികസന വകുപ്പ് എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 14.06.2024 ലെ കത്തും ശ്രീ. അരുൺകുമാർ എസ്., ഡ്രൈവർ - ഗ്രേഡ് 1-ന്റെ അപേക്ഷയും.

7. ഈ കാര്യാലയത്തിൽ നിന്നുള്ള 05.04.2024 ലെ DDDKER/1017/2024-E1 നമ്പർ ഉത്തരവ്.

## ഉത്തരവ്

ക്ഷീരവികസന വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും 2024 ലെ പൊതുസ്ഥലംമാറ്റത്തിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ലഭ്യമായിട്ടുള്ള ഓൺലൈൻ അപേക്ഷകളിൽ നിന്നും സ്പാർക്ക് ജനറേറ്റ് ചെയ്ത ഡ്രൈവർ തസ്തികയിലെ 2024 ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് കരട് മേൽപരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്മേൽ ആക്ഷേപങ്ങൾ അറിയിക്കുന്നതിന് 14.06.2024 വൈകുന്നേരം 5 മണിവരെ സമയം നൽകുകയും ചെയ്തിരുന്നു. നിശ്ചിത സമയപരിധിയ്ക്കകം ലഭ്യമായ പരാമർശം (4), (5) പ്രകാരമുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് താഴെപ്പറയുംവിധം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പരാതി നൽകിയ ഡ്രൈവറുടെ പേരും ഔദ്യോഗിക മേൽവിലാസവും | പരാതിയുടെ സംഗ്രഹം | തീരുമാനം | കാരണം |
|---|---|---|---|---|
| 1 | ശ്രീ. അസിം എ., ഡ്രൈവർ (ഗ്രേഡ് 1), കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം. | ടിയാന്റെ ഭാര്യയ്ക്ക് ഓർത്തോ സംബന്ധമായ ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതായും 10 വയസ്സിൽ താഴെ പ്രായമുള്ള 2 കുഞ്ഞുങ്ങളുടെയും വൃദ്ധരായ മാതാപിതാക്കളുടെയും സംരക്ഷണം ടിയാന്റെ കടമയായതിനാലും ടിയാന് നടുവേദന ഉള്ള സാഹചര്യത്തിൽ ദിവസേന 100 കിലോമീറ്റർ യാത്ര ബുദ്ധിമുട്ടാണെന്നും ആയതിനാൽ കൊല്ലം ജില്ലയിൽ നിലനിർത്തുകയോ, തിരുവനന്തപുരം ജില്ലയിലേക്കോ സ്ഥലംമാറ്റം നൽകുകയോ ചെയ്യണമെന്ന് അപേക്ഷിച്ചിരിക്കുന്നു. അനുബന്ധ ചികിൽസാ രേഖകൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല. | നിരസിച്ചു | കൊല്ലം ജില്ലാ ഓഫീസിലെ ഡ്രൈവർ ശ്രീ. അസീം 26/3/2012 മുതൽ ഈ ഓഫീസിലാണ് ജോലിനോക്കുന്നത്. ടി ഓഫീസിലെ ഡ്രൈവർ പോസ്റ്റ് Replacement vacancy Type ആണെന്ന് ഓൺലൈൻ ട്രാൻസ്ഫർ വിജ്ഞാപനസമയത്ത് പ്രസിദ്ധീകരിച്ചിരുന്നു. ആ പോസ്റ്റിലേക്ക് 3 വർഷം കഴിഞ്ഞ (24/7/2020) ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിലെ ശ്രീ. ജസ്റ്റിൻ രാജ് പി. ആവശ്യപ്പെട്ടത് പ്രകാരമാണ് മാറ്റമുണ്ടായത്. |

| | | | | |
|---|---|---|---|---|
| 2 | ശ്രീ. അരുൺകുമാർ എസ്., ഡ്രൈവർ (ഗ്രേഡ് 1), എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം. | ടിയാന് പത്തും പന്ത്രണ്ടും വയസ്സുള്ള 2 കുട്ടികളും വാർദ്ധക്യസഹജമായ അസുഖങ്ങൾ ഉള്ള രണ്ട് അമ്മമാരും ഉള്ളതായും അവരുടെ സംരക്ഷണാർത്ഥം സ്ഥലംമാറ്റം റദ്ദുചെയ്ത് എറണാകുളം ജില്ലയിൽ തന്നെ തുടരുവാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. അനുബന്ധ ചികിൽസാ രേഖകൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല. | നിരസിച്ചു | എറണാകുളം ജില്ലാ ഓഫീസിലെ ഡ്രൈവർ ശ്രീ അരുൺകുമാർ S 01/2/2021 മുതൽ ഇ ഓഫീസിലാണ് ജോലിനോക്കുന്നത്. ടി ഓഫീസിലെ ഡ്രൈവർ പോസ്റ്റ് Replacement vacancy Type ആണെന്ന് ഓൺലൈൻ ട്രാൻസ്ഫർ വിജ്ഞാപനസമയത്ത് പ്രസിദ്ധീകരിച്ചിരുന്നു. ആ പോസ്റ്റിലേക്ക് 3 വർഷം കഴിഞ്ഞ (31/1/2021) ഇടുക്കി ഗുണനിയന്ത്രണ കാര്യാലയത്തിലെ ശ്രീ. ലാൽ കുമാർ ആവശ്യപ്പെട്ടത് പ്രകാരമാണ് മാറ്റമുണ്ടായത്. |

**ഡയറക്ടർ**

Signed by
Asif K Yusuf
Date: 01-07-2024 17:56:56

To:- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-
1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ.
2) പ്രിൻസിപ്പാൾമാർ (എല്ലാ ക്ഷീരപരിശീലന കേന്ദ്രങ്ങൾക്കും)
3) ഗുണനിയന്ത്രണ ഓഫീസർമാർ (ഡി.ഡി. മുഖേന)
4) ഡയറക്ടർ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്)

6) ഡെപ്യൂട്ടി ഡയറക്ടർമാർ (ജനറൽ,പ്ളാനിംഗ്, എക്സ്റ്റൻഷൻ. ഐ.ടി. സെൽ)

7) ഡെപ്യൂട്ടി ഡയറക്ടർ, റീജിയണൽ ലാബ്, കാസർഗോഡ്.

8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

9) അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ ലാബ്, കോട്ടയം.

10) എ., ഇ., ഇ.എസ്. സെക്ഷൻ സീനിയർ സൂപ്രണ്ടുമാർ.

11) ക്ഷീരവികസന ഓഫീസർ, ഡി.റ്റി.സി., തിരുവനന്തപുരം (വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

12) നോട്ടീസ് ബോർഡ്.

13) സഞ്ചയം.

14) ശേഖരസഞ്ചയം.